## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 346　　　28.05.2019- ൽ മറുപടിയ്ക്ക്

### ആശ്വാസകിരണം പദ്ധതി ആനുകൂല്യങ്ങൾ

ചോദ്യം　　　　　　　　　　　　　　　　　മറുപടി

ശ്രീ.വി.ടി.ബൽറാം

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ആശ്വാസകിരണം പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>മാനദണ്ഡങ്ങൾ:<br>• കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.<br>• മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.<br>• വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ. റേഷൻകാർഡ്/ വില്ലേജാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.<br>• അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്. |

| | | | |
|---|---|---|---|
| | | | • വിധവ, വാർദ്ധക്യ, കർഷക-ത്തൊഴിലാളി ക്ഷേമപെൻഷ-നുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്. |
| (ബി) | 2014 മുതലുള്ള പദ്ധതി ഗുണഭോക്താക്കളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | (see table below) |
| (സി) | അർഹതപ്പെട്ടവർക്ക് ആനുകൂല്യം നൽകുന്നതിനായി നടപ്പ വർഷം എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പ്രസ്തുത ഇനത്തിൽ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) | നടപ്പ സാമ്പത്തിക വർഷം 15768.27 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ഇനത്തിൽ ബഡ്ജറ്റിൽ 4160 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ഡി) | ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. 2018 ആഗസ്റ്റ് മുതലുള്ള ധനസഹായം നൽകാൻ കുടിശ്ശികയുണ്ട് |
| (ഇ) | എന്നുവരെയുള്ള ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | 2018 ജൂലൈ മാസം വരെയുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം. |
|---|---|---|
| 1 | 2014-15 | 63544 |
| 2 | 2015-16 | 72359 |
| 3 | 2016-17 | 90251 |
| 4 | 2017-18 | 102952 |
| 5 | 2018-19 | 120301 |
| 6 | 2019 ഏപ്രിൽ മാസം വരെ | 113717 |

**സെക്ഷൻ ഓഫീസർ**